# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *560** **04.07.2019-ൽ മറുപടിയ്ക്ക്**

## ടെണ്ടർ നടപടി പരിഷ്കരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ.പി. അനിൽ കുമാർ**<br>**ശ്രീ.കെ.എസ്.ശബരീനാഥൻ**<br>**ശ്രീ.വി.പി.സജീന്ദ്രൻ**<br>**ശ്രീ.അൻവർ സാദത്ത്** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) പൊതുമരാമത്ത് വകുപ്പിന്റെ നിലവിലുള്ള ടെണ്ടർ നടപടികൾ കാരണം മരാമത്ത് പണികൾ നീണ്ടുപോകുന്ന അവസ്ഥ ഉണ്ടായിട്ടുണ്ടോ; | (എ) പൊതുമരാമത്ത് വകുപ്പിന്റെ പരിധിയിൽ വരുന്ന ടെണ്ടറുകൾ ഇ- ടെണ്ടർ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. ഇ – ടെണ്ടർ മുഖേന നടപ്പിലാക്കുന്ന ടെണ്ടർ നടപടികൾക്ക് കാലതാമസം നേരിടുന്നില്ല. ടെണ്ടർ അംഗീകരിക്കുന്നതിനുള്ള അധികാരം അതാത് വിഭാഗം ചീഫ് എഞ്ചിനീയർ ഉൾപ്പെട്ട കമ്മിറ്റിക്ക് പുതുക്കി നൽകിയതിനാൽ ടെണ്ടർ അംഗീകാരത്തിലും കാലതാമസം ഇപ്പോൾ ഉണ്ടാകുന്നില്ല. എന്നാൽ Single tender മാത്രം ലഭിക്കുന്ന പ്രവൃത്തികൾ റീടെണ്ടർ ചെയ്യേണ്ടി വരികയും അതിനുള്ള സമയം നീണ്ടു പോകുന്ന അവസ്ഥ ഉണ്ടാകാറുമുണ്ട്. |
| (ബി) എങ്കിൽ ടെണ്ടർ നടപടികൾ ലഘൂകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (ബി) ഏറ്റവും ലഘൂകരിച്ച രീതിയിലുള്ള ഇ- ടെണ്ടറിംഗ് രീതിയാണ് പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ളത്. ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ വരുന്ന പദ്ധതികൾ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾ പ്രകാരം ടെണ്ടർ നടപടികൾ |

പൂർത്തീകരിച്ച് മാത്രമേ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

(സി) ടെണ്ടറിൽ പങ്കെടുത്ത് ആവശ്യമായ തുകയേക്കാൾ കുറഞ്ഞ തുക കാണിച്ച് കരാർ ഏറ്റെടുത്തശേഷം കോൺട്രാക്ടർമാർ വർക്ക് തുടങ്ങാതെ ഉപേക്ഷിക്കുന്ന സാഹചര്യം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സാഹചര്യം ഗൗരവമായി തന്നെ പരിഗണിച്ചിട്ടുണ്ട്. അത്തരത്തിൽ ഒരു സാഹചര്യം ഉണ്ടാവുകയാണെങ്കിൽ കരാറുകാരന്റെ നിരതദ്രവ്യം കണ്ടുകെട്ടുകയും ടിയാന്റെ നഷ്ടോത്തര വാദിത്വത്തിൽ പ്രവൃത്തി പുനക്രമീകരിക്കുകയും ചെയ്തു വരുന്നു. കൂടാതെ ഇത്തരം കരാറുകാരെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

(ഡി) ടെണ്ടർ നടപടികളിൽ കാലോചിതമായ പരിഷ്കാരം വരുത്തുന്നതിനും പ്രവൃത്തി ഇടയ്ക്ക് വച്ച് ഉപേക്ഷിക്കുന്ന കോൺട്രാക്ടർമാരെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

(ഡി) പ്രൈസ് 2 സോഫ്റ്റ് വയർ നടപ്പാക്കുന്നതിന്റെ ഭാഗമായി ടെണ്ടർ നടപടികളിൽ കാലോചിതമായ പരിഷ്കാരം നടപ്പിലാകുന്നതാണ്. ദ്രുതഗതിയിൽ ഇതിന്റെ നടപടികൾ നടന്നുവരുന്നു. പ്രവൃത്തി ഇടയ്ക്ക് വച്ച് ഉപേക്ഷിക്കുന്ന കാര്യം വളരെ ഗൗരവമുള്ള വിഷയമായി പരിഗണിച്ച് കരാറുകാരെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതടക്കമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ